## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25.02.2025**

### പ്രധാനവാർത്തകൾ

1) ചികിത്സാ രീതികളിൽ സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തുന്നത് ആരോഗ്യ മേഖലയ്ക്ക് ഗുണം ചെയ്യുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

2) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, കെ എ സ് - 2025 ൻറെ വിജ്ഞാപനം അടുത്തമാസം 7 ന് പുറപ്പെടുവിക്കുമെന്ന് പി എസ് സി

3) മലപ്പുറം ചുങ്കത്തറ പഞ്ചായത്തിൽ യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. എൽഡിഎഫിന് ഭരണം നഷ്ടമായി.

4) വെഞ്ഞാറമൂട് കൂട്ടക്കൊലപാതക കേസിൽ അന്വേഷണം ഊർജിതം. ഫർസാനയുടെ മൃതദേഹം സംസ്കരിച്ചു. മറ്റു നാലു പേരുടെ സംസ്കാര ചടങ്ങുകൾ പുരോഗമിക്കുന്നു.

5) സംസ്ഥാനത്ത് താപനില 4°C വരെ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ഉഷ്ണതരംഗ മുന്നറിയിപ്പ്.

6) രഞ്ജി ട്രോഫി ക്രിക്കറ്റിൽ ആദ്യ കിരീടം ലക്ഷ്യമിട്ട് കേരളം നാളെ ഇറങ്ങും. ഫൈനലിൽ വിദർഭയുമായി ഏറ്റുമുട്ടും

RNU TVPM

************************************

## രാഷ്ട്രപതി

ചികിത്സാ രീതികളിൽ നിർമ്മിത ബുദ്ധി , റോബോട്ടിക്സ് തുടങ്ങിയ സാങ്കേതിക വിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തുന്നത് ആരോഗ്യ മേഖലയ്ക്ക് ഗുണം ചെയ്യുമെന്ന് രാഷ്ട്രപതി ദ്രൗപന്മദി മുർമു. ബിഹാറിലെ പട്ന മെഡിക്കൽ കോളേജിൻറെ ശതാബ്ദി ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ആരോഗ്യ മേഖലയിൽ വികേന്ദ്രീകരണത്തിനു പ്രാധാന്യം നൽകുന്നതിലൂടെ വലിയ ആശുപത്രികളിലെ തിരക്ക് കുറക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു.

************************************

## കിഫ്ബി-വി.ശിവൻകുട്ടി

കഴിഞ്ഞ എട്ടര വർഷത്തിനിടയിൽ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബി വഴി 1,427 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് മന്ത്രി വി.ശിവൻകുട്ടി. തിരുവനന്തപുരം അരുവിക്കര മണ്ഡലത്തിലെ മൂന്ന് സ്കൂളുകളിൽ നിർമിച്ച ബഹുനില മന്ദിരങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കുട്ടികൾക്ക് സുരക്ഷിതവും പ്രചോദനാത്മകവുമായ പഠനാന്തരീക്ഷം സാധ്യമാക്കുന്നതിനാണ് ഈ നിക്ഷേപം

പ്രയോജനപ്പെടുത്തുന്നതെന്നും മന്ത്രി പറഞ്ഞു.

************************************

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 15 സീറ്റുകളിൽ എൽ.ഡി.എഫിനും 12 ഇടത്ത് യു.ഡി.എഫിനും വിജയം. മൂന്നിടത്ത് മറ്റുള്ളവർക്കാണ് ജയം. ആകെ 30 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചത്. കാസർകോട് ജില്ലയിലെ രണ്ട് വാർഡുകളിൽ എതിരില്ലാതെ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഇന്നലെ നടന്ന വോട്ടെടുപ്പിൽ 65.83 - ആണ് പോളിംഗ് ശതമാനം.

*************************************

## ഭരണം എൽഡിഎഫിന് നഷ്ടമായി

മലപ്പുറം ചുങ്കത്തറ പഞ്ചായത്ത് ഭരണം എൽഡിഎഫിന് നഷ്ടമായി. പ്രസിഡൻറിനെതിരായി യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായി. പ്രമേയത്തെ അനുകൂലിച്ച് വൈസ് പ്രസിഡൻറ് നുസൈബ സുധീർ വോട്ട് ചെയ്തു. വോട്ടെടുപ്പിനിടെ എൽഡിഎഫ്-യുഡിഎഫ് പ്രവർത്തകർ തമ്മിൽ സംഘർഷം ഉണ്ടായിരുന്നു.

RNU TVPM

*************************************

## കെ എ എസ്

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് കെ എ സ് - 2025 ൻറെ വിജ്ഞാപനം അടുത്തമാസം 7 ന് പുറപ്പെടുവിക്കുമെന്ന് പി എസ് സി. പ്രാഥമിക പരീക്ഷയും അന്തിമ പരീക്ഷയും അഭിമുഖവും പൂർത്തിയാക്കി അടുത്തവർഷം ഫെബ്രുവരി 16 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് പി എസ് സി വാർത്താക്കുറിപ്പിൽ അറിയിച്ചു.

***************************************

## വെഞ്ഞാറമൂട് (ഇൻട്രോ)

വെഞ്ഞാറമൂട് കൂട്ടക്കൊലപാതകത്തിൻ്റെ അന്വേഷണം പ്രാരംഭഘട്ടത്തിലാണെന്നും രണ്ട് ദിവസത്തിനുള്ളിൽ ഒരു നിഗമനത്തിൽ എത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ദക്ഷിണ മേഖല ഐ ജി ശ്യാം സുന്ദർ പറഞ്ഞു. ഇതുവരെ പ്രതിയെ ചോദ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല .ആരോഗ്യസ്ഥിതി വിലയിരുത്തിയ ശേഷം ഡോക്ടറുടെ നിർദ്ദേശപ്രകാരമായിരിക്കും വേണ്ട നടപടികൾ കൈക്കൊള്ളുകയെന്നും അദ്ദേഹം വ്യക്തമാക്കി. അഫാൻ മയക്കുമരുന്നിന് അടിമയാണോ എന്നും പരിശോധന നടത്തും. (വോയിസ്)

അതേസമയം കൊല്ലപ്പെട്ട ഫർസാനയുടെ മൃതദേഹം സംസ്കരിച്ചു. മറ്റു നാലു പേരുടെ സംസ്കാരം ഉടൻ നടക്കും.

***************************************

## ആശവർക്കർമാർ പണിമുടക്ക്

ശമ്പള വർധനവ് അടക്കമുള്ള ആവശ്യങ്ങളുമായി സെക്രട്ടേറിയേറ്റിന് മുന്നിൽ പണിമുടക്കുന്ന ആശവർക്കർമാർ അടിയന്തരമായി ജോലിയിൽ പ്രവേശിക്കണമെന്ന് നിർദ്ദേശം. എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഇത് സംബന്ധിച്ച് ഉത്തരവ് ഇറക്കി. ആശവർക്കർമാർ പണിമുടക്ക് തുടരുകയാണെങ്കിൽ പകരം സംവിധാനം ഏർപ്പെടുത്താൻ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

***************************************

## മഹാശിവരാത്രി + മഹാകുംഭമേള

RNU TVPM

നാളെ മഹാശിവരാത്രി . ആഘോഷങ്ങൾക്കായി സംസ്ഥാനത്തെ ക്ഷേത്രങ്ങൾ ഒരുങ്ങി. ഇന്നു മുതലാണ് ശിവരാത്രിവ്രതം ആരംഭിക്കുന്നത്. നാളെ ശിവക്ഷേത്രങ്ങളിൽ പ്രത്യേക പൂജകളും നടക്കും. ശിവരാത്രിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചിട്ടുണ്ട്. പ്രയാഗ് രാജിലെ മഹാകുംഭ മേളയ്ക്ക് മഹാശിവരാത്രി ദിവസമായ നാളെ സമാപനമാകും. ശിവരാത്രിയോടനുബന്ധിച്ച് കന്യാകുമാരി ജില്ലയിലെ 12 ശിവക്ഷേത്രങ്ങളിൽ നടക്കുന്ന ശിവാലയ ഓട്ടവും ഇന്ന് വൈകുന്നേരം ആരംഭിക്കും.

**************************************

## ശിവരാത്രി – ആലുവ മണപ്പുറം

ശിവരാത്രിയോടനുബന്ധിച്ച് ബലിതർപ്പണത്തിന് ഒരുങ്ങി ആലുവ മണപ്പുറം. 116 ബലിത്തറകളാണ് ഇക്കുറി ഒരുക്കിയിരിക്കുന്നത്. നാളെ വൈകുന്നേരം മുതൽ ജനങ്ങൾ പിതൃതർപ്പണത്തിനായി മണപ്പുറത്തേക്ക് ഒഴുകിയെത്തും. രാത്രി 10 മണിയോടെ ശിവരാത്രി ബലിയും മറ്റന്നാൾ രാവിലെ 8.30-ഓടെ വാവുബലിയും നടക്കും. പെരിയാറിന് മറുകരയിലുള്ള അദ്വൈതാശ്രമത്തിലും ബലിതർപ്പണം നടത്താൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. നാളെ വൈകുന്നേരം മുതൽ വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിവരെ ആലുവ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകുമെന്ന് പോലീസ് പറഞ്ഞു.

PNU TVPM

**************************************

## ഉയർന്ന താപനില മുന്നറിയിപ്പ്

സംസ്ഥാനത്ത് ചിലയിടങ്ങളിൽ നാളെ 2 മുതൽ 4°C വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.കാസറഗോഡ്, കണ്ണൂർ ജില്ലകളിൽ ഉഷ്ണതരംഗത്തിനും

സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

*************************************

## ശുചിത്വമിഷൻ

റമദാൻ മാസത്തിൽ നോമ്പ്തുറയിലും ഇഫ്താർ വിരുന്നുകളിലും ഹരിതചട്ടം പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ ശുചിത്വമിഷൻ നിർദ്ദേശിച്ചു. ഇത്തരം അവസരങ്ങളിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പേപ്പർ, പ്ലാസ്റ്റിക് പാത്രങ്ങൾ, കപ്പുകൾ തുടങ്ങിയവ ഒഴിവാക്കണം. നോമ്പ്തുറ സമയത്ത് വിതരണം ചെയ്യുന്ന ഭക്ഷണപൊതികൾക്ക് വാഴയില പോലുള്ള പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കണമെന്നും നിർദ്ദേശമുണ്ട്.

*************************************

## യൂണിയൻ കലോത്സവം (intro)

കണ്ണൂർ സർവ്വകലാശാല യൂണിയൻ കലോത്സവം പുരോഗമിക്കുന്നു. കണ്ണൂർ തോട്ടട ശ്രീനാരായണ കോളേജിലാണ് കലോത്സവം നടക്കുന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..........

(വോയിസ്)

*************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനൽ നാളെ മുതൽ. ഗുജറാത്തിനെതിരെ ചരിത്രവിജയം നേടിയ കേരളം ഫൈനലിൽ വിദർഭയുമായി ഏറ്റുമുട്ടും. നാഗ്പൂരിലാണ് കളി. രഞ്ജി ചരിത്രത്തിലാദ്യമായാണ് കേരളം ഫൈനലിൽ എത്തുന്നത്.

RNU TVPM

************************************

## ഐ.എസ്.എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ബംഗളുരു FC, ചെന്നൈയിൻ FC യെ നേരിടും. ബംഗളുരുവിൽ രാത്രി 7.30-നാണ് മത്സരം.

************************************

## നഷ്ടപരിഹാര തുക കൈമാറി

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട വെള്ളി, ലീല എന്നിവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാര തുകയുടെ ആദ്യ ഗഡു അഞ്ച് ലക്ഷം രൂപ വീതം കൈമാറി. സണ്ണി ജോസഫ് എംഎൽഎ, ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ പി രാജേഷ്, തുടങ്ങിയവർ ചേർന്നാണ് തുക കൈമാറിയത്.

RNU TVPM

************************************

## തീരദേശ ഹർത്താൽ

കേരള സ്റ്റേറ്റ് ഫിഷറീസ് കോർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത തീരദേശ ഹർത്താൽ നാളെ. അർധരാത്രി 12 മണി മുതൽ 27-ന് രാത്രി 12 വെരയാണ് ഹർത്താൽ. അന്നേദിവസം സംസ്ഥാന വ്യാപകമായി മത്സ്യബന്ധനത്തൊഴിലാളികൾ കടലിൽ പോകില്ല. ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും മാർക്കറ്റുകളും തുറക്കില്ല. എൽഡിഎഫും യൂഡിഎഫും ഹർത്താലിന് പൂർണ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

************************************

## റേഷൻ വിഹിതം

ഈ മാസം 28-നകം ഫെബ്രുവരിയിലെ റേഷൻ വിഹിതം വാങ്ങണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് നൽകിയിട്ടുണ്ട്. ക്വാട്ടയിലെ വിഹിതം വാങ്ങുന്നതിനായി കാലാവധി ദീർഘിപ്പിച്ച് നൽകില്ലെന്നും ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു.

**************************************

## പാതി വില

പാതി വില തട്ടിപ്പുമായി ബന്ധപ്പെട്ട് കുമളി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡൻറും മഹിളാ കോൺഗ്രസ് നേതാവുമായ ഷീബ സുരേഷിൻറെ ഇടുക്കി കുമളിയിലെ വീട്ടിൽ ഇ ഡി റെയ്ഡ് നടത്തി. പല ജില്ലകളിലും പാതിവില പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് ഷീബയാണ്. വിദേശത്ത് ആയിരുന്ന ഷീബയെയും ഭർത്താവ് സുരേഷിനെയും നാട്ടിലേക്ക് വിളിച്ചു വരുത്തിയ ശേഷമായിരുന്നു റെയ്ഡ്.

RNU TVPM

**************************************

## തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ യോഗം

തിരഞ്ഞെടുപ്പ് നടത്തിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന തിരഞ്ഞെടുപ്പ് ഓഫീസർമാരുടെ യോഗം അടുത്തമാസം 4, 5 തീയതികളിൽ ന്യൂഡൽഹിയിൽ ചേരും. ഗ്യാനേഷ് കുമാർ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായി ചുമതലയേറ്റ ശേഷം നടക്കുന്ന ആദ്യ യോഗമാണിത് .സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ പ്രായോഗിക അനുഭവങ്ങൾ പ്രതിനിധികൾ യോഗത്തിൽ പങ്കുവയ്ക്കും.

**************************************

## വിഡി സതീശൻ

സംസ്ഥാനത്ത് തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫിന് നേട്ടമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. യുഡിഎഫിൻറെ സീറ്റുകളുടെ എണ്ണം പത്തിൽ നിന്നും 12 ലേക്ക് ഉയർന്നെന്നും യു.ഡി.എഫിന് രണ്ട് സീറ്റ് വർധിച്ചപ്പോൾ എൽ.ഡി.എഫിന് മൂന്ന് സീറ്റുകൾ കുറഞ്ഞെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് ശക്തമായ ഭരണവിരുദ്ധ വികാരം നിലനിൽക്കുന്നു എന്നതിൻറെ തെളിവാണ് ഈ തിരഞ്ഞെടുപ്പ് ഫലമെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

**************************************************************************
*************************************

RNU TVPM